നം. കമ്പ്യൂട്ടർ.27155/2014/ഡി.ഇ.എസ്. സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ്
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 04-04-2017

**സർക്കുലർ**

സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഡയറക്ടറേറ്റ്, ജില്ലാ, തലൂക്ക് ഓഫീസുകളിൽ ഔദ്യോഗികാവശ്യത്തിനായി അനുവദിച്ചിട്ടുള്ള ഇൻറർനെറ്റിൻെറ ഉപയോഗം നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള പ്ലാനിൽ നിന്നും അധികരിക്കുന്നതായും ആയതിനാൽ ചില മാസങ്ങളിൽ ഔദ്യോഗികമായ പല അത്യാവശ്യ ഘട്ടങ്ങളിലും കണക്ടിവിറ്റി ലഭിക്കാത്ത സാഹചര്യവും ഉണ്ടാകുന്നുണ്ട്. ഇതുമൂലം വകുപ്പിൻെറ സാങ്കേതികവും ഭരണപരവുമായ പ്രവർത്തനങ്ങൾ തടസപ്പെടുന്നതിന് ഇടയാകുന്നു. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനായി ഇൻറർനെറ്റിൻെറ ഉപയോഗം നിയന്ത്രിക്കേണ്ടതും ദുരുപയോഗം കർശനമായി തടയേണ്ടതുമാണ്. സെക്ഷൻ മേധാവികൾ തങ്ങളുടെ കീഴിലുള്ള സെക്ഷനുകളിലേക്ക് അനുവദിച്ചിട്ടുള്ള ഇൻറർനെറ്റ് കണക്ടിവിറ്റി ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇൻറർനെറ്റിൻെറ ദുരുപയോഗം നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ആയതിനാൽ വകുപ്പിലെ ഓരോ ഉദ്യോഗസ്ഥരും ഇൻറർനെറ്റ് ഉപയോഗം നിയന്ത്രിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇത് ബന്ധപ്പെട്ട സെക്ഷൻ മേധാവികൾ/ ഓഫീസ് അധികാരികൾ/ മേലധികാരികൾ ഉറപ്പാക്കേണ്ടതും ആണ്.

Ramachandran. V

**ഡയക്ടർ ജനറൽ**

അഡീഷണൽ ഡയർക്ടർമാർ
ജോയിൻറ് ഡയറക്ടർമാർ
ഡെപ്യൂട്ടി ഡയറക്ടർമാർ
സെക്ഷൻ ഹെഡ്ഡുകൾ
ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ
താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർ

പകർപ്പ്:

ഡയക്ടർ ജനറലിൻെറ സി.എ.
ഡയറക്ടർ (എസ്.ഡി.പി) യുടെ സി.എ.
ഡയറക്ടർ (എസ്.ഡി.ആർ.റ്റി) യുടെ സി.എ.